**മനസ്സിനെ മറ്റെല്ലാ ഭൗതികവിഷയങ്ങളിൽ നിന്നും പ്രത്യാഹരിച്ച് ആത്മവിഷയത്തിൽ കേന്ദ്രീകരിക്കാൻ സാധിക്കുമ്പോൾ, അത് മനസ്സിന്റെ വാസനയായി മാറുമ്പോൾ, സന്യാസം മനസ്സിൽ ആരംഭിക്കുകയാണ്. (ഗുരുസാക്ഷ്യം–11)**

വളരെ അർത്ഥവത്തായ വാക്യം. ഒരു യഥാർത്ഥ സന്യാസി എങ്ങനെ ആയിരിക്കണം. വിശദീകരണം ആവശ്യമാണ്.

ശരീരമെന്ന ബോധത്തിലുപരി താൻ ആത്മാവാണെന്ന ബോധം പൂർണ്ണമാകുമ്പോൾ മാത്രമേ ഒരാൾ യഥാർത്ഥ സന്യാസിയാകുന്നുള്ളൂ. നഷ്ടപ്പെടാൻ പോകുന്ന ശരീരത്തെക്കുറിച്ച് ഒരു ദു:ഖവും ആ സന്യാസിക്കു തോന്നില്ല. ആത്മാവിനെക്കുറിച്ചു മാത്രമേ ചിന്തിക്കൂ. പോകാൻപോകുന്ന അറിയാൻ കഴിയാത്ത ആ ഭൂമികയിൽ ആത്മാവിനു ശാന്തി ലഭിക്കണം. ആ ആത്മശാന്തിയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിന്റെ ആരംഭത്തിൽ നിന്നാണ് മനസ്സിൽ സന്യാസം ജനിക്കുന്നത്. അനേകം കൈവഴികളിലൂടെ സഞ്ചരിച്ച് ത്യാഗപൂർണ്ണമായ ജീവിതത്തിനൊടുവിൽ മുഖ്യധാരയിൽ എത്തിപ്പെടുകയാണ്. ഗുരുലാഭമുണ്ടാകുന്നു. പിന്നെ ജീവിതപരീക്ഷണങ്ങളിൽപ്പെടുകയാണ്. തന്നെ അധീനപ്പെടുത്തിയിരിക്കുന്ന വാസനകളേയും വൈകാരികതകളെയും അതിജീവിക്കാനുള്ള ഇച്ഛാശക്തി ഗുരുവിലൂടെ നേടാനുള്ള കാലമാണ്. ശ്രവണമനനനിധിദ്ധ്യാസങ്ങളിലൂടെ ഭൗതികവിഷയങ്ങളിൽ നിന്നും മനസ്സിനെ പ്രത്യാഹരിച്ചു അന്തർമുഖമാക്കാനുള്ള ധ്യാനത്തിന്റെ നാളുകൾ ആരംഭിക്കുകയാണ്. ആശയഗംഭീരന്മാരായ കാരുണ്യഗുരുക്കന്മാരെയാണ് ലഭിക്കുന്നതെങ്കിൽ അറിവിന്റെ മേഖലയിലൂടെയുള്ള ഒരു ജൈത്രയാത്രയായിരിക്കും ആ ജന്മം. സാമൂഹ്യപരിഷ്ക്കർത്താക്കളായ കർമ്മികളാണ് ഗുരുക്കന്മാരെങ്കിൽ ത്യാഗപൂർണ്ണമായ ഒരു പുണ്യജന്മം ഉറപ്പിക്കാം. ആത്മജ്ഞാനിയായ കാലാന്തരഗുരുവാണെങ്കിൽ അനുഭവജ്ഞാനത്തിലൂടെ നയിച്ച് ആത്മമോചനത്തിന്റെ മാർഗ്ഗത്തിൽ എത്തിക്കും. ശ്രുതികളിലൂടെയും സ്മൃതികളിലൂടെയും ശിഷ്യനു ലഭ്യമാകുന്ന ഗുരുവിന്റെ ആശയങ്ങൾ മനുഷ്യരാശിയെ യുഗധർമ്മത്തിലൂടെ വഴിനടത്താൻ പരിപാകമായ ഒരു ഗുരുപരമ്പരയെ സൃഷ്ടിക്കാൻ വേണ്ടി ഉപയോഗിക്കും. ഗുരുക്കന്മാരുടെ സവിശേഷതയിലധിഷ്ഠിതമാണ് ശിഷ്യന്റെ സന്യാസജീവിതത്തിന്റെ പ്രത്യേകതകൾ. അത് എന്തൊക്കെയായാലും പൂർണ്ണമായ ഒരു ലക്ഷ്യബോധത്തോടുകൂടിയ ജീവിതമായിരിക്കണം സന്യാസിയുടേത്. ഗുരുവിന്റെ കല്പനകൾ സ്വീകരിച്ച്, ആശയത്തെ പിൻപറ്റി, ഗുരുസങ്കല്പത്തിനനുസരിച്ചു മാത്രമേ ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കൂ. താൻ എന്തിനുവേണ്ടിയാണ് സന്യാസം സ്വീകരിച്ചതെന്ന് ഓരോ ദിവസവും മനസ്സിനോടു ചോദിച്ച് ഉത്തരം കണ്ടെത്തണം. ആ ഉത്തരത്തിൽ നിന്ന് ഉത്ഭവിക്കുന്ന ബോധം ഒരിക്കലും നഷ്ടപ്പെടരുതെന്നു മാത്രമല്ല അതെപ്പോഴും

ഓർക്കണമെന്ന ആവശ്യം കൂടി സന്യാസത്തിന്റെ പൂർണ്ണതക്ക് ആവശ്യമുണ്ട്. ഇവിടെ പ്രസക്തമായ ചോദ്യം മറ്റൊന്നാണ്. ആത്മവിഷയങ്ങളിൽ കേന്ദ്രീകരിച്ചതുകൊണ്ട് മനസ്സു ഭൗതികവിഷയങ്ങളിൽ നിന്നു പിൻതിരിഞ്ഞതാണോ, അതോ ഭൗതികവിഷയങ്ങളിൽ നിന്നും മനസ്സിനെ പിൻവലിച്ചതു കൊണ്ടു ആത്മവിഷയങ്ങളിൽ കേന്ദ്രീകരിച്ചതാണോ? സന്യാസം സ്വീകരിക്കാൻ തോന്നിയ പ്രചോദനം നൈസർഗ്ഗികമായിരുന്നോവെന്ന് വ്യംഗ്യം? രണ്ടായാലും ആരംഭിച്ചതു വിജയിപ്പിക്കാൻ സാധിക്കണം.

**'പിതൃശുദ്ധികർമ്മത്തിനുശേഷവും ഈ ഗുരുപരമ്പരക്ക് യഥാർത്ഥ ആശയത്തിനുവേണ്ടി ശക്തമായി മുന്നോട്ടു പോകാൻ സാധിക്കുന്നുണ്ടോ?'**

(ഗുരുസാക്ഷ്യം-4. പരഗ്രാഫ്-2) ബഹുഭൂരിപക്ഷത്തിനും പൂർണ്ണമായി സാധിക്കുന്നില്ലായെന്ന അഭിപ്രായമാണെനിക്ക്. സമാനമായ അഭിപ്രായമാണെങ്കിൽ അറിവിൽപെടുന്ന കാരണങ്ങൾ രേഖപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

-സത്യൻ-

യഥാർത്ഥ ആശയം ജീന്മുക്തിയാണന്ന് നേരത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. അനേകജന്മത്തെ കർമ്മധർമ്മങ്ങളിലൂടെ സംപ്രാപ്തമാകുന്ന പുണ്യവും ജീവന്റെ സംസ്കൃതിയുമാണ് ഒരുവനെ ജീവന്മുക്തിയെന്ന യഥാർത്ഥ ആശയബോധത്തിലേക്ക് നയിക്കുന്നത്. ആ സംസ്ക്കാരികത്തികവിന്റെ പാതയിൽ കർമ്മസാക്ഷിത്വത്തിന് ഒരു പ്രധാന പങ്കുണ്ട്. ശുദ്ധമായ പിതൃക്കളുടെ സ്വാധീനം മറ്റൊരു പ്രധാന ഘടകമാണ്. ഗുരുപരമ്പരയിലെ ഭൂരിപക്ഷവും പിതൃശുദ്ധിക്കു മുൻപാണ് ജന്മമെടുത്തതെന്ന യാഥാർത്ഥ്യം മറക്കാതിരിക്കുക. പിതൃശുദ്ധിക്കുശേഷമുള്ള മൂന്നാമത്തെ തലമുറ മുതലായിരിക്കും യഥാർത്ഥ ലക്ഷ്യബോധത്തോടെയുള്ള ജീവിതം ആരംഭിക്കുകയെന്നു ഗുരു വെളിപ്പെടുത്തിയിട്ടുള്ളത് ഈ കാരണത്താലാണ്. കർമ്മസാക്ഷിയായി ഏതു കാലത്തായാലും അവർ ഗുരുവിനെ സ്വീകരിക്കുകകൂടി വേണം. ഈ ഗുരുമ്പരയിൽ ഗുരുത്വം അതിന്റെ പൂർണ്ണതയിൽ നിലനിർത്തേണ്ടതിന്റെ ആവിശ്യകത അതാണ്. അതിനെ വികലമാക്കിയാൽ ബ്രഹ്മശാപം കൊണ്ടു ഈ പരമ്പര മുടിഞ്ഞുപോകും.